

THURSDAY 04/06/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor: ANITHA.C.S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff


**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/06/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാനതല 'ഫലവൃക്ഷതൈ നടീൽ' ഉദ്ഘാടന പരിപാടി മുഖ്യമന്ത്രി വി ഡി സതീശൻ നിർവ്വഹിക്കുന്നു. കൃഷി വകുപ്പ് മന്ത്രി ടി സിദ്ധീഖ് ചടങ്ങിന് അദ്ധ്യക്ഷത വഹിക്കുന്നു. തദവസരത്തിൽ "ഓണവിസ്മയം 2026" ഭാഗമായി സെക്രട്ടറിയേറ്റ് അങ്കണത്തിൽ തയ്യാറാക്കുന്ന പച്ചക്കറിത്തോട്ടത്തിന്റെ ഉദ്ഘാടനവും നിർവ്വഹിക്കുന്നു. പ്രസ്തുത ഉദ്ഘാടന പരിപാടിയിൽ വിവിധ വകുപ്പ് മന്ത്രിമാർ, എം.എൽ.എ.മാർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കുന്നു.

2. എറണാകുളം ജില്ലയിലെ വൈറ്റില ചളിക്കവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ല് ഗവേഷണ കേന്ദ്രത്തിൽ നേന്ത്രൻ, അമ്പല കദളി, റോബസ്റ്റ എന്നീ ഇനങ്ങളിൽ ഉള്ള ടിഷ്യൂ കൾച്ചർ വാഴതൈകൾ വില്പനയ്ക്ക്. ഫോൺ നമ്പർ-0484-2809963, 807522086.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന അഗ്രികൾച്ചറൽ സയൻസസ്, ഓർഗാനിക് അഗ്രികൾച്ചർ എന്നീ രണ്ടു ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് 2026-27 അധ്യയന വർഷത്തേയ്ക്ക് അപേക്ഷകൾ ക്ഷണിയ്ക്കുന്നു. അപേക്ഷകൾ ഓൺലൈനായി 03/06/2026 മുതൽ 02/07/2026 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0487 2438139.

4. റബ്ബർകൃഷിക്കുപയോഗിക്കുന്ന വിവിധതരം നടീൽവസ്തുക്കൾ, അവയുടെ തെരഞ്ഞെടുപ്പ്, റബ്ബർതൈകൾ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് 2026 ജൂൺ 05 (വെള്ളിയാഴ്ച) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 04812576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേന്ദ്ര സർക്കാരിന്റെ എല്ലാവിധ കാർഷിക ആനുകൂല്യങ്ങളും കാലതാമസമില്ലാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി' ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ കർഷകരും ഈ മാസം തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. ആദ്യഘട്ടത്തിൽ കൃഷിഭവനുകൾ വഴിയായിരുന്നു അഗ്രിസ്റ്റാക്കിൽ രജിസ്റ്റർ ചെയ്തിരുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള കർഷകർക്ക് റജിസ്റ്റർ ചെയ്യാം. റജിസ്റ്റർ ചെയ്യുന്നവർക്ക് ഏകീകൃത കർഷക ഐഡി ലഭിക്കും. പ്രസ്തുത ഐഡി ഉണ്ടെങ്കിൽ മാത്രമേ ഭാവിയിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ കർഷക രജിസ്ട്രിയിലെ രജിസ്ട്രേഷൻ എല്ലാ കർഷകരും പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. കർഷകർക്ക് തങ്ങളുടെ ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ഭൂമിയുടെ രേഖകൾ (കരമടച്ച രസീത്/ പോക്കുവരവ് രേഖകൾ) എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെന്ററുകൾ അല്ലെങ്കിൽ കൃഷിഭവനുകൾ വഴി ഫാർമർ ഐഡി ക്ക് വേണ്ടി രജിസ്റ്റർ ചെയ്യാം. തുടർന്ന് റവന്യൂ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷക ഐഡി ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് “വിള സുസ്ഥിരതയ്ക്കായുള്ള ജൈവ ഇടപെടലുകൾ” (Organic Interventions for Crop Sustainability) എന്ന വിഷയത്തിൽ മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 2026 ജൂൺ 15 മുതൽ 2026 സെപ്റ്റംബർ 15 വരെ.വിദ്യാഭ്യാസ യോഗ്യത: കുറഞ്ഞത് പ്ലസ് ടു പാസായിരിക്കണം. രജിസ്ട്രേഷൻ ഫീ: ₹100, കോഴ്സ് ഫീ: ₹4000 രൂപ . കോഴ്സ് ദൈർഘ്യം: 3 മാസത്തിനിടയിൽ ആകെ 50 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ക്ലാസുകൾ റെക്കോർഡ് ചെയ്യുന്നതല്ല. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 2026 മെയ് 30. കൂടുതൽ വിവരങ്ങൾക്ക് cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ അല്ലെങ്കിൽ 0487 2371104, 8547837256 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## 7. കാർഷിക നിർദേശം

കുരുമുളക് –ചീച്ചാൽ രോഗം – മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക. ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം